പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5150 — 06.02.2014 ൽ മറുപടിക്ക്

കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുന്നതിനുതകുന്ന സാമൂഹിക ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ? | കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി ജനമൈത്രി പോലീസ് പദ്ധതിയിലൂടെയും റസിഡന്റ്സ് അസോസിയേഷനുകൾ മുഖാന്തിരവും മറ്റു സന്നദ്ധ സംഘടനകൾ വഴിയും കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തി വരുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ് രൂപീകരിച്ചും, ജുവനൈൽ ജസ്റ്റിസ് ആക്ട് അനുസരിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും കുട്ടികളുടെ സംരക്ഷണത്തിന് മുൻകൈയെടുക്കുന്നുണ്ട്. കൂടാതെ സ്കൂൾ, കോളേജ് പരിസരങ്ങളിൽ ശക്തമായ പോലീസ് നിരീക്ഷണവും നടത്തിവരുന്നു. ഇതിനു പുറമെ കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ കർശനമായ നിയമ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ